## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2667

17.10.2016-ൽ
മറുപടിയ്ക്ക്

### വീരമൃത്യു വരിച്ച മലയാളി സൈനികർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | സൈനിക സേവനത്തിൽ വിവിധ ഓപ്പറേഷനുകളിൽ വീരമൃത്യു വരിച്ച മലയാളി സൈനികരെ കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ; | സൈനിക സേവനത്തിനിടെ വിവിധ ഓപ്പറേഷനുകളിൽ വീരമൃത്യു വരിച്ച മലയാളി സൈനികരുടെ ലഭ്യമായ വിവരം (ജില്ല തിരിച്ചുള്ളത്) അനുബന്ധം 'എ'-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഈ സൈനികരുടെ കുടുംബാംഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിൽ സൈനിക ക്ഷേമ വകുപ്പിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ; | മരണപ്പെട്ട സൈനികരുടെ കുടുംബത്തിന് കേന്ദ്ര/സംസ്ഥാന സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുകയും, ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനാവശ്യമായ രേഖകൾ ബന്ധപ്പെട്ട റെക്കോർഡ് ആഫീസ്/ മിലിട്ടറി ആഫീസുകളിൽ നിന്നും ലഭ്യമാക്കി ജില്ലാ സൈനിക ക്ഷേമ ആഫീസ് മുഖാന്തിരം സ്വീകരിച്ച്, സൂക്ഷ്മപരിശോധന നടത്തി, യഥാസമയം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ആഫീസുകൾക്ക് അയച്ചു കൊടുക്കുകയും ചെയ്യാറുണ്ട്. |
| സി) | ചേലിയ സ്വദേശി ധീരജവാൻ സുബിനേഷിന്റെ കുടുംബത്തിന് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | ധീരജവാൻ സുബിനേഷിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായമായി 10 ലക്ഷം രൂപ GO(Rt)No.2941/16/GAD dated 09.05.2016 പ്രകാരം, അദ്ദേഹത്തിന്റെ മാതാവ് ശ്രീമതി. ശോഭനയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ സഹായമായി സഹോദരി ശ്രീമതി. സുബിഷ. എ.എം-ന് കോഴിക്കോട് ജില്ലയിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ GO(MS)No.66/16/GAD dated 09.05.2016 പ്രകാരം നിയമിക്കുന്നതിന് |

| | | |
|---|---|---|
| | | ഉത്തരവാകുകയും, പഞ്ചായത്ത് വകുപ്പിൽ, കോഴിക്കോട് ജില്ലയിൽ, ക്ലാർക്കിന്റെ ഒഴിവ് ഉണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, 04.10.16-ലെ GO(MS)No.146/16/GAD സർക്കാർ ഉത്തരവ് പ്രകാരം, ശ്രീമതി. സുബിഷ. എ. എം-ന് പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്കായി നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| ഡി) | ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് സത്വര നടപടി സ്വീകരിക്കുമോ ? | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ